LIBRARY ARCHIVES Kerala Legislative Assembly

അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷൻ

275 (660) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയത് ഹൈക്കോടതിയുടെ ഏത് ഉത്തരവ് പ്രകാരമാണ്; ഈ ഉത്തരവിൽ സ്ക്രീനിംഗും അസസ്സ്മെന്റും ഒഴിവാക്കി പ്രൊമോഷന് നിർദ്ദേശിച്ചിട്ടുണ്ടോ; ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ക്രീനിംഗ് ആൻഡ് അസസ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്മിറ്റി മുൻപാകെ എത്ര പേർ യോഗ്യത നേടി?

(എ&ബി) ബഹു. ഹൈക്കോടതി WP (C) NO.27417/2006 & 28824/2006 എന്നീ കേസുകളിൽ 20-1-2009-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, (അനുബന്ധം-I ആയി ചേർക്കുന്നു).* അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട ശിപാർശ ഒരു മാസത്തിനകം സർക്കാരിൽ ലഭ്യമാക്കാനും ആയതിന്മേൽ ഇരുവിഭാഗത്തിനെയും നേരിൽ കേട്ടതിനുശേഷം ഉചിത തീരുമാനം കൈക്കൊള്ളുവാനും യഥാക്രമം അനെർട്ട് ഡയറക്ടറോടും സർക്കാരിനോടും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, 12-8-2009-ലെ G.O. (Rt) 218/2009/PWR പ്രകാരം (അനുബന്ധം II ആയി ചേർക്കുന്നു).* സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി മുമ്പാകെ യോഗ്യത നേടുന്നതിൽ പരാജയപ്പെട്ട നാല് ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നല്കേണ്ടതില്ലായെന്ന് 16-1-2010-ലെ G.O. (Rt) No.13/2010/PWR പ്രകാരം (അനുബന്ധം III ആയി ചേർക്കുന്നു)* ഉത്തരവാകുകയുണ്ടായി. തുടർന്ന്, ബഹു. ഹൈക്കോടതി മുമ്പാകെ 12-8-2009-ലെ G.O. (Rt) 218/2009/PWR, 16-1-2010-ലെ G.O. (Rt) No.13/2010/PWR എന്നിവ റദ്ദാക്കണ(quash)മെന്നും CSIR പാറ്റേൺ പ്രകാരം പ്രൊമോഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അനെർട്ടിലെ ശാസ്ത്രജ്ഞരായ ശ്രീ. പി. വൽസരാജ്, ശ്രീമതി കമലാദേവി വി. എന്നിവർ ഫയൽ ചെയ്ത WP(c) No. 31359/2010 ബഹു. കോടതിയുടെ പരിഗണനയിലിരിക്കെ, ശ്രീ. പി. വൽസരാജ് സർക്കാർ മുമ്പാകെ 9-2-2012-ൽ സമർപ്പിച്ച റിവ്യൂ പെറ്റീഷന്റെ അടിസ്ഥാനത്തിലാണ്, ടി കേസിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായി അനെർട്ട് ഡയറക്ടർ ശിപാർശ ചെയ്തതിൻപ്രകാരം അനെർട്ടിലെ ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കമ്മിറ്റി മുൻപാകെ പരാജയപ്പെട്ട എത്ര ശാസ്ത്രജ്ഞർക്ക് ഇതുവരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇവരുടെ പേര്, തസ്തിക, ശമ്പളം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

12-8-2009-ലെ G.O.(Rt)218/2009/Power പ്രകാരം രൂപീകരിച്ച സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി മുമ്പാകെ പരാജയപ്പെട്ട നാല് ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീ. വൽസരാജ്. പി, സയന്റിസ്റ്റ് (എഫ്) 2,21,654 രൂപ (പ്രതിമാസ ശമ്പളം) ശ്രീമതി കമലാദേവി വി., സയന്റിസ്റ്റ് (എഫ്) 2,21,654 രൂപ (പ്രതിമാസ ശമ്പളം) ശ്രീ. പ്രേംകുമാർ കെ. സയന്റിസ്റ്റ് (എഫ്) 2,18,670 രൂപ (പ്രതിമാസ ശമ്പളം) ശ്രീ. പ്രമോദ് എൻ. ഇ., സയന്റിസ്റ്റ് (ഇ 2) 1,54,480 രൂപ (പ്രതിമാസ ശമ്പളം).

(ഡി) ഇതേ ഹൈക്കോടതി ഉത്തരവിന്മേൽ വീണ്ടും സ്ക്രീനിംഗും അസസ്സ്മെൻറും ഒഴിവാക്കി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇത് നിയമാനുസൃതമാണോ; വിശദീകരിക്കാമോ?

പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രേംകുമാർ കെ., ശ്രീ. പ്രമോദ് എൻ. ഇ. എന്നിവർ യഥാക്രമം WP(c) No. 4225/2019, WP(c) No.4172/2019 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി, 27.8.2019-ലെ വിധിന്യായത്തിൽ അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏകീകൃതനയം നടപ്പിലാക്കാൻ സർക്കാരിന് നിർദ്ദേശം നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രേംകുമാർ കെ, ശ്രീ. പ്രമോദ് എൻ. ഇ. എന്നിവർക്ക് പ്രൊമോഷൻ നൽകുകയുണ്ടായി.

(ഇ) ഹൈക്കോടതി ഉത്തരവും സി.എസ്.ഐ.ആർ. ചട്ടങ്ങളും അനെർട്ടിലെ ഉദ്യോഗസ്ഥർ തെറ്റായി സർക്കാരിന് റിപ്പോർട്ട് ചെയ്തതിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

ആമപ്പാറ സൗരോർജ്ജ പദ്ധതി

276 (661) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ആമപ്പാറ സൗരോർജ്ജ പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്?

ഉടുമ്പൻചോല മണ്ഡലത്തിലെ ആമപ്പാറയിൽ (രാമക്കൽമേട്) അനെർട്ട് സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ പാർക്കിന്റെ ഭാഗമായുള്ള സൗരോർജ്ജ പദ്ധതിയിൽ ഒരു മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്.